# എസ്എഫ്ഐ പൊലീസ് അക്രമത്തിനെതിരെ ഡിസിസിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ മാർച്ചും യോഗവും സർക്കാരിനെതിരെയുള്ള താക്കീതായി മാറി




*ആന്റോ ആന്റണി എംപിയുടെ ഓഫീസിലെ പൊലീസ് ആക്രമത്തിലും കെഎസ്‌യു, യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കുനേരെയുള്ള സിപിഎം അക്രമത്തിലും പ്രതിഷേധിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി പത്തനംതിട്ടയിൽ സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു*



*ആന്റോ ആന്റണി എംപിയുടെ ഓഫീസിലെ പൊലീസ് ആക്രമത്തിലും കെഎസ്‌യു, യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കുനേരെയുള്ള സിപിഎം അക്രമത്തിലും പ്രതിഷേധിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി പത്തനംതിട്ടയിൽ സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനത്തിൽ കെപിസിസി പ്രസിഡന്റ് എം.എം.ഹസ്സൻ മുഖ്യ പ്രഭാഷണം നടത്തുന്നു*

പത്തനംതിട്ട: ആന്റോ ആന്റണി എംപിയുടെ ഓഫീസിന് നേരെയും കെഎസ്‌യു പ്രവർവർത്തകർക്കെതിരെയും നടന്ന അക്രമത്തിനെതിയും ജില്ലാ കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ മാർച്ചും യോഗവും സർക്കാരിനെതിയുള്ള താക്കീതായി മാറി. ഇന്നലെ വൈകിട്ട് അഞ്ച് മണിക്ക് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ നിന്ന് ആരംഭിച്ച പ്രതിഷേധ പ്രകടനത്തിൽ നൂറ് കണക്കിന് പ്രവർത്തകർ പങ്കെടുത്തു. കെഎസ്‌യു, യൂത്ത് കോൺഗ്രസ്, മഹിള കോൺഗ്രസ്, കോൺഗ്രസ് പ്രവർത്തകർ പങ്കെടുത്ത മാർച്ച് പത്തനംതിട്ട കഴിഞ്ഞിടെ കണ്ടതിൽ വെച്ച് ഏറ്റവും വലിയ പ്രതിഷേധ മാർച്ചായി മാറി. തുടർന്ന് നടന്ന യോഗം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.എസ് എഫ് ഐ യുടെ ഫാസിസ് നിലപാട് കൊണ്ട് കാമ്പസുകളിൽ മുപ്പത് ശതമാനം വോട്ടു പോലും ഇപ്പോൾ നടക്കുന്നില്ലെന്നും ഭരണ സ്വാധീനം ഉപയോഗിച്ച് അക്രമത്തിന്റെയും അരാജകത്വത്തിന്റെയും പാത സൃഷ്ടിക്കുകയാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു. സംസ്ഥാന ഭരിക്കുന്ന സർക്കാരിന്റെ നയമാണ് ആന്റോ ആന്റണി എംപിയുടെ ഓഫീസിൽ നടത്തത്.വിദ്യാർത്ഥികളെ മർദ്ദിക്കുമ്പോൾ പാലിക്കേണ്ട യാതൊരു മാനദണ്ഡവും പാലിക്കാതെയാണ് പൊലീസ് കെ എസ് യു ക്കാരെ മർദ്ദിക്കുന്നതെന്നും രമേശ് ചെന്നിത്തല പറഞ്ഞു.ഡി സി സി പ്രസിഡന്റ് ബാബു ജോർജ് അധ്യക്ഷത വഹിച്ചു. കെ പി സി സി പ്രസിഡന്റ് എം എം ഹസ്സൻ മുഖ്യപ്രഭാഷണം നടത്തി. എസ് എഫ് ഐ യുടെ ഫാസിസ് നയമാണ് ഇപ്പോൾ കലാലയത്തിൽ നടക്കുന്നത്. അക്രമത്തെ അക്രമം കൊണ്ട് നേരിടുന്ന സമീപനമല്ല കോൺഗ്രസിന്റേത്.എം പി ഓഫിസിൽ ഉണ്ടെങ്കിൽ എം പിയേയും മർദ്ദിക്കുമെന്ന് പറയാൻ ഒരു സിഐയ്ക്ക് ദാഷ്ട്യമുണ്ടായെങ്കിൽ അതിന്റെ പിന്നിൽ മാർസിസ്റ്റ് പാർട്ടിയാണെന്നും ഹസ്സൻ പറഞ്ഞു.മാർസിസ്റ്റ് പാർട്ടി ഭരണവും അക്രമവും ഒരുപോലെ നടത്തുകയാണെന്ന് മുൻ രാജ്യസഭ ഉപാധ്യക്ഷൻ പ്രൊഫ പി ജെ കുര്യൻ പറഞ്ഞു. അന്തർദേശീയ തയെ കുറിച്ച് പ്രസംഗിക്കുന്ന മാർസിസ്റ്റ് പാർട്ടിയ്ക്ക് ഇരട്ട മുഖമാണുള്ളതെന്നു പിജെ കുര്യൻ പറഞ്ഞു.




*ആന്റോ ആന്റണി എംപിയുടെ ഓഫീസിലെ പൊലീസ് ആക്രമത്തിലും കെഎസ്‌യു, യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കുനേരെയുള്ള സിപിഎം അക്രമത്തിലും പ്രതിഷേധിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി പത്തനംതിട്ടയിൽ സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനത്തിൽ മുൻ രാജ്യസഭ ഉപാധ്യക്ഷൻ പ്രൊഫ പി ജെ കുര്യൻ സംസാരിക്കുന്നു*




*ആന്റോ ആന്റണി എംപിയുടെ ഓഫീസിലെ പൊലീസ് ആക്രമത്തിലും കെഎസ്‌യു, യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കുനേരെയുള്ള സിപിഎം അക്രമത്തിലും പ്രതിഷേധിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി പത്തനംതിട്ടയിൽ സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനത്തിൽ ഡിസിസി പ്രസിഡന്റ് ബാബു ജോർജ്ജ് സംസാരിക്കുന്നു*

ആന്റോ ആന്റണി എംപി, അടൂർ പ്രകാശ് എംഎൽഎ, മുൻ ഡിസിസി പ്രസിഡന്റുമാരായ കെ ശിവദാസൻ നായർ, പി.മോഹൻരാജ്, യുഡിഎഫ് ജില്ലാ ചെയർമാൻ പന്തളം സുധാകരൻ, കെപിസിസി സെക്രട്ടറി പഴകുളം മധു, നിർവാഹക സമിതി അംഗങ്ങളായ മാലേത്ത് സരളാദേവി, സതീഷ് കൊച്ചുപറമ്പിൽ, ഡിസിസി ഭാരവാഹികളായ എ.സുരേഷ് കുമാർ, റിങ്കു ചെറിയാൻ, വെട്ടൂർ ജ്യോതി പ്രസാദ്, സാമുവൽ കിഴക്കുപുറം, കാട്ടൂർ അബ്ദുൾ സലാം, സോജി മെഴുവേലി, സുനിൽ എസ് ലാൽ, തോപ്പിൽ ഗോപകുമാർ, അഡ്വ. കെ ജയവർമ്മ, സജി ചാക്കോ, തേരകത്ത് മണി, ജാസിംകുട്ടി, ജോൺസൺ വിളവിനാൽ, എസ് ബിനു, സജി കോട്ടയ്ക്കാട്, അഡ്വ. ലാലു ജോൺ, റെജി തോമസ്, എൻ സി മനോജ്, അനീഷ് വരിക്കണ്ണാമല, റോബിൻ പരിമല, അൻസർ മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

## വിശ്വകർമ്മ ദിനാഘോഷം

അടൂർ : അടൂർ താലൂക്ക് കേരള വിശ്വകർമ്മ സഭയുടെ ആഭിമുഖ്യത്തിൽ വിശ്വകർമ്മ ദിനം ആചരിച്ചു. ചിറ്റയം ഗോപകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ്സ് പ്രസിഡന്റ് എം.പ്രകാശിന്റെ അധ്യക്ഷത വഹിച്ചു. കേരള ആർട്ടിസാൻസ്സ് ഡെവലപ്പമെന്റ് കോർപ്പറേഷൻ ചെയർമാൻ നെടുവത്തൂർ സുന്ദരേശൻ മുഖ്യപ്രഭാഷണം നടത്തി.

പി.ബി.ഹർഷകുമാർ, മുൻസിപ്പൽ കൗൺസിലർ എൻ.ഡി.രാധാകൃഷ്ണൻ, പഞ്ചായത്ത് അംഗം ഡി.അജിത് കുമാർ, വി.സുപ്രകാശ്, അർ.ശശിധരൻ, കെ.ജി.വിശ്വനാഥാനാചാരി, ലളിതാ സോമൻ, ആർ.രതിഷ്, പ്രഭാകരനാ ചാരി, വിജയമ്മ, വി.ടി.രാജേഷ്, രാജേഷ്.വി.എസ്സ്, വി.ബാബു എന്നിവർ പ്രസംഗിച്ചു. വിദ്യാഭാസ അവാർഡുകൾ അനുരാജ് അനശ്വര വിതരണം ചെയ്തു. ശാഖാംഗങ്ങളായ പ്രഗത്ഭ വ്യക്തികളെ ചടങ്ങിൽ ആദരിച്ചു.

## നാരായണൻ ചൂരക്കോടിന്റെ നിര്യാണത്തിൽ അനുശോചിച്ചു

അടൂർ: അടൂർ താലൂക്ക് ഭാരതീയ പ്രോഗ്രസ്സിൻ സിദ്ധനർ സൊസൈറ്റി പ്രസിദ്ധ ശില്പി നാരായണൻ ചൂരക്കോടിന്റെ നിര്യാണത്തിൽ അനുശോചിച്ചു.

അനിൽ പനവിളയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൊച്ചു ചെറുക്കൻ, കെ.വി.ഭാസ്ക്കരൻ, രാജൻ പടനിലത്ത്, മോഹനൻ ചൂരക്കോട്, ഡാനിയേൽ വർഗ്ഗീസ്, രാജൻ.പി, അശോക് കുമാർ, അനുഷ, രവീന്ദ്രൻ മാങ്കൂട്ടം തുടങ്ങിയവർ പ്രസംഗിച്ചു.

## കാട്ടുപന്നിയുടെ ആക്രമത്തിൽ മരിച്ച മാത്തുകുട്ടിയുടെ കുടുംബത്തിന്റെ സംരക്ഷണം സർക്കാർ ഏറ്റെടുക്കണം : ആന്റോ ആന്റണി എംപി

പത്തനംതിട്ട: കാട്ടുപന്നിയുടെ ആക്രമത്തിൽ മരിച്ച റാന്നി തെക്കേപ്പുറത്ത് മാത്തുകുട്ടിയുടെ കുടുംബത്തിന്റെ സംരക്ഷണം സർക്കാർ ഏറ്റെടുക്കണമെന്ന് ആന്റോ ആന്റണി എംപി ആവശ്യപ്പെട്ടു. മാത്തുക്കുട്ടിയുടെ നിര്യാണത്തോടെ നിരാലംബരായ കുടുംബത്തിന് പത്ത് ലക്ഷം രൂപ നൽകണമെന്നും കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി നൽകണമെന്നും വനം വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൽ എംപി ആവശ്യപ്പെട്ടു.

## പ്രളയബാധിതർക്ക് സഹായവുമായി സംഘടനകൾ

നിരണം: പ്രളയത്തിൽ ദുരിതം അനുഭവിക്കുന്ന അനേകർക്ക് സഹായവുമായി വിവിധ സംഘടനകൾ രംഗത്ത്. മല്ലപ്പള്ളി കേന്ദ്രമായി പ്രവർത്തിക്കുന്ന റിയൽ ഈവന്റ് നിരണം പഞ്ചായത്ത് എട്ടാം വാർഡിലെ വീട്ടുകാർക്ക് സഹായം നൽകി. റിയൽ ഈവന്റ് മാനേജിംഗ് ഡയറക്ടർ അജി കല്ലുപ്പുരയുടെ നേതൃത്വത്തിലാണ് സഹായങ്ങൾ നൽകിയത്.

നിരണം: പ്രളയത്തിൽ ദുരിതം അനുഭവിച്ച നിരണം പ്രദേശത്ത് മല്ലപ്പള്ളി ഗവൺമെന്റ് ആശുപത്രി പടി കരുണ ഓട്ടോ ഫ്രണ്ട്സ് ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ സഹായങ്ങൾ നൽകി. സൊസൈറ്റി രക്ഷാധികാരി തോമസ് കെ.എബ്രഹാം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സി.ടി.റെജി അധ്യക്ഷത വഹിച്ചു. ജിജു വൈക്കത്തുശ്ശേരി, ജോസഫ് മാത്യു, വിഷ്ണു, ടിജു പി.സി, മാത്തുക്കുട്ടി, സുനിൽ, വിൽസൻ എന്നിവർ പ്രസംഗിച്ചു.

## നാലാം ക്ലാസുകാരിക്ക് പീഡനം; അമ്മയും കാമുകനും പിടിയിൽ

പത്തനംതിട്ട: നാലാം ക്ലാസുകാരിയെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ കുട്ടിയുടെ അമ്മയും കാമുകനും പിടിയിൽ. കുട്ടിയുടെ അമ്മയായ 29 കാരിയാണ് കാമുകനായ പ്രതി ജിൻസിന് വേണ്ട ഒത്താശ ചെയ്ത് കൊടുത്തത്. ഒമ്പത് വയസ്സുകാരിയായ കുട്ടിയെ ഒരു വർഷമായി ലൈംഗികമായി പീഡിപ്പിച്ചുവരികയായിരുന്നു. ഭർത്താവുമായി അകന്നു കഴിയുകയായിരുന്ന യുവതി ഒരു വർഷത്തിലധികമായി പ്രതിയെ വീട്ടിൽ താമസിപ്പിച്ചിരിക്കുകയായിരുന്നു. അമ്മയോട് വിവരം പറഞ്ഞിട്ടും അമ്മ ഒന്നും പ്രതികരിച്ചില്ല എന്ന് കുട്ടി പൊലീസിന് മൊഴി നൽകിയിട്ടുണ്ട്. കുട്ടി വിവരം അടുത്ത ബന്ധുവായ സ്ത്രീയെ അറിയിച്ചു. അവർ അദ്ധ്യാപികയ്ക്ക് വിവരം നല്കിയതിനെ തുടർന്ന് പത്തനംതിട്ട സിഐ ഏ സുനിൽ കുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പ്രതി ജിൻസ് വിവാഹിതനും ഒരു പെൺകുട്ടിയുടെ അച്ഛനുമാണ്. രണ്ടു പ്രതികളേയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## സ്കൂൾ കുട്ടികൾക്കുള്ള പഠന ക്യാമ്പ് ഇന്ന് തുടങ്ങും

അടൂർ: തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ പൂർവ്വ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ രൂപികൃതമായ സീറ്റ ഗ്യാലക്സി ചാരിറ്റബിൾ ട്രസ്റ്റിന്റെ നേത്രത്വത്തിൽ സ്കൂൾ കുട്ടികളുടെ മുന്നു ദിവസത്തെ പഠന ക്യാമ്പ് ഇന്നു രാവിലെ പത്ത് മുതൽ അടൂർ മാർത്തോമ്മ യുത്ത് സെന്റിൽ നടക്കും. ക്യാമ്പിന്റെ ഉദ്ഘാടനം മുൻ ഡിജിപി ടി.പി.സെൻകുമാർ നിർവഹിക്കും. മുഖ്യാതിഥികളായി സിനിമ താരം മധു, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. ജിജി സി.വി. എന്നിവർ പങ്കെടുക്കും. ഉച്ചയ്ക്കു രണ്ട് മുതൽ ക്യാൻസർ പ്രതിരോധ പ്രവർത്തനങ്ങളെ പറ്റി ഡോ. വി.പി.ഗംഗാധരൻ ക്ലാസ്സ് എടുക്കും.

നാളെ രാവിലെ ഡോ. അലക്സാണ്ടർ ജേക്കബ് പഠനം എങ്ങനെ അനായാസമാക്കാം എന്ന വിഷയത്തിനും, തിരുവനന്തപുരം ഐഎഎസ്സ് അക്കാഡമിയിലെ പ്രൊഫ. ഗംഗാധരൻ നായർ സിവിൽ സർവീസ് പരീക്ഷകൾക്ക് തയ്യാറെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട വയെ പറ്റിയും, റവ. ഡോ. ടി.ജെ.തോമസ്സ് കൗമാരപ്രായക്കാരായ കുട്ടികളിലെ മാനസിക പ്രശ്നങ്ങളെ അധികരിച്ചും ക്ലാസ്സ് എടുക്കും. ഉച്ചയ്ക്കുശേഷം കേരളത്തിലെ വെള്ളപ്പൊക്ക കെടുതികളുടെ പശ്ചാത്തലത്തിൽ പ്രകൃതിയുമായി സമരസപ്പെട്ട് ജീവിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി തണൽ ശ്രീധരനും, വൈകിട്ട് അഞ്ച് മുതൽ കേരള പൊലിസ് സൈബർ സെല്ലിലെ ഉദ്യോഗസ്ഥൻ വേണുഗോപാൽ സൈബർ ലോകവുംകുട്ടികളും എന്ന വിഷയത്തിലും ക്ലാസ്സ് എടുക്കും.

23ന് രാവിലെ ടാറ്റ കൺസൾട്ടൻസി സർവീസിലെ വിദഗ്ദ്ധർ സാങ്കേതികവിദ്യയിലെ ആധുനിക പ്രതിഭാസങ്ങളെപ്പറ്റി ആശയവിനിമയം നടത്തും. കൂടാതെ ശാസ്ത്രം, കല, സാഹിത്യം, വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, ഐ.ടി, ഭാഷാജ്ഞാനം, സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പ്രൊഫഷണലുകൾ കുട്ടികളുമായി സംവദിക്കും. ഉച്ചയ്ക്കു രണ്ടിന് നടക്കുന്ന സമാപന സമ്മേളനത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് മുഖ്യ പ്രഭാഷണം നടത്തും. കേരള സാങ്കേതിക സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കുഞ്ചെറിയ പി.ഐസക് പ്രസംഗിക്കും. സംസ്ഥാനത്തെ ഗവൺമെന്റ് എയിഡഡ് സ്കൂളിൽ നിന്നും ഏട്ടാം ക്ലാസ്സ് മുതൽ തിഞ്ഞെടുത്ത അറുനൂറ് കുട്ടികളും അവരുടെ മാതാപിതാക്കളും ഉൾപ്പടെ ആയിരത്തി ഇരുനൂറോളം പേർ ക്യാമ്പിൽ പങ്കെടുക്കുമെന്ന് ട്രസ്റ്റ് സെക്രട്ടറി സതീഷ് കുമാർ, ട്രഷറർ ടെന്നി ഐസക്ക്, ബോർഡ് അംഗം പദ്മകുമാർ എന്നിവർ പറഞ്ഞു.

## യു.ഡി.എഫ് നേതൃ യോഗം നാളെ

### രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും

പത്തനംതിട്ട: യുഡിഎഫ് ജില്ലാ നേതൃയോഗം നാളെ ഉച്ചയ്ക്ക് മൂന്നിന് ഡിസിസി ഓഡിറ്റോറിയത്തിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുമെന്ന് യുഡിഎഫ് ജില്ലാ ചെയർമാൻ പന്തളം സുധാകരൻ അറിയിച്ചു.

പാർലമെന്റ് മണ്ഡലം തിരഞ്ഞെടുപ്പിന് മുന്നോടിയായി നടക്കുന്ന യോഗത്തിൽ എംപി, എംഎൽഎമാർ, മുൻ എംപിമാർ, മുൻ എംഎൽഎമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ, നഗരസഭ ചെയർമാൻമാർ, സഹകരണ സംഘം പ്രസിഡന്റുമാർ, യുഡിഎഫ് ജില്ലാ നിയോജക മണ്ഡലം നേതാക്കൾ എന്നിവർ പങ്കെടുക്കും.

## മഴക്കെടുതി: കേന്ദ്ര സംഘം 23ന് ജില്ല സന്ദർശിക്കും

പത്തനംതിട്ട: മഴക്കെടുതി വിലയിരുത്തുന്നതിന് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഉന്നത തല സംഘം 23ന് പത്തനംതിട്ട ജില്ലയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ സ്പെഷൽ സെക്രട്ടറി വി.ആർ. ശർമ്മ നയിക്കുന്ന സംഘത്തിൽ കേന്ദ്ര കൃഷി, സഹകരണ, കർഷക ക്ഷേമ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ഡോ.ബി. രാജേന്ദർ, കേന്ദ്ര ഊർജ മന്ത്രാലയത്തിലെ ചീഫ് എൻജിനിയർ വന്ദന സിംഗാൾ എന്നിവർ ഉൾപ്പെടുന്നു. സംസ്ഥാന എമർജൻസി ഓപ്പറേറ്റിംഗ് സെന്റർ ഓഫീസ് മനേജർ രാജകുമാരൻ തമ്പി സംഘത്തെ അനുഗമിക്കും. ഇടുക്കി, കോട്ടയം ജില്ലകൾ സന്ദർശിച്ച ശേഷമാണ് സംഘം പത്തനംതിട്ടയിലേക്ക് എത്തുക.

23ന് രാവിലെ ഒൻപതു മുതൽ 9.30വരെ ജില്ലാ കളക്ടർ പി.ബി. നൂഹുമായി സംഘം കൂടിക്കാഴ്ച നടത്തും. തുടർന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെയും ഉച്ചകഴിഞ്ഞ് രണ്ടു മുതൽ വൈകിട്ട് അഞ്ചുവരെയും പ്രളയബാധിത മേഖലകൾ സംഘം സന്ദർശിക്കും. വൈകിട്ട് 5.30ന് സംഘം തിരുവനന്തപുരത്തേക്ക് തിരിക്കും.

24ന് ഉച്ചകഴിഞ്ഞ് മൂന്നിന് മുഖ്യമന്ത്രിയുമായി ചേംബറിൽ കൂടിക്കാഴ്ച നടത്തും. വൈകിട്ട് അഞ്ചിന് ഡൽഹിയിലേക്കു മടങ്ങും. നാല് ടീമുകളാണ് സംസ്ഥാനത്തെ പ്രളയ കെടുതി വിലയിരുത്താൻ എത്തുക. ഇന്നലെ എത്തിയ സംഘം 24 വരെ ഇടുക്കി, പത്തനംതിട്ട, കോട്ടയം എന്നിവയ്ക്കു പുറമേ, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകൾ സന്ദർശിക്കും.

### കേന്ദ്ര സംഘത്തിന്റെ സന്ദർശനം: യോഗം ഇന്ന്

പത്തനംതിട്ട: മഴക്കെടുതി വിലയിരുത്തുന്നതിന് കേന്ദ്ര സംഘം ജില്ല സന്ദർശിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഇന്ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹിളിൽ യോഗം ചേരും. എല്ലാ ജില്ലാതല ഓഫീസർമാരും ഡെപ്യൂട്ടി കളക്ടർമാരും തഹസീൽദാർമാരും യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## ഭാഗ്യക്കുറി ടിക്കറ്റ് നഷ്ടം അറിയിക്കണം

പത്തനംതിട്ട: പ്രളയദുരിത ബാധിത മേഖലകളിൽ ലോട്ടറി വിൽപ്പന നടത്തിയ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് കെഎൻ226, എൻആർ82, കെആർ359, ആർഎൻ353, ഡബ്ല്യു474, എസ്എസ്120, എകെ358 എന്നീ ടിക്കറ്റുകൾ പ്രളയം മൂലം വിൽക്കാൻ സാധിക്കാത്തവിധം കേടുപാട് സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ഒക്ടോബർ മൂന്നിനകം ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ അറിയിക്കണം.

## സഹപാഠിക്കൊരു കൈതാങ്ങ് പദ്ധതിയുമായി കെ.എസ്.യു അടൂർ എഞ്ചിനീയറിംഗ് കോളജ് യൂണിറ്റ് കമ്മിറ്റി

അടൂർ: പ്രളയബാധിത മേഖലയിലെ കുട്ടികളെ സഹായിക്കുന്നതിനായി കെ.എസ്.യു സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്ത സഹപാഠിക്കൊരു കൈതാങ്ങ് പദ്ധതിയുടെ ഭാഗമായി കെ.എസ്.യു അടൂർ എഞ്ചിനീയറിംഗ് കോളജ് യൂണിറ്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പന്തളം തോട്ടക്കോണത്ത് ഭാഗത്ത് പഠനോപകരണ വിതരണം നടത്തി.

കെപിസിസി സെക്രട്ടറി അഡ്വ.പഴകുളം മധു ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് സച്ചിൻ അധ്യക്ഷത വഹിച്ചു. കെ.എസ്.യു ജില്ലാ വൈസ് പ്രസിഡന്റ് രാഹുൽ കൈതയ്ക്കൽ, അഭിനന്ദ്, സുനിതാ വേണു എന്നിവർ പ്രസംഗിച്ചു.



*കെ.എസ്.യു അടൂർ എഞ്ചിനീയറിംഗ് കോളജ് യൂണിറ്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന സഹപാഠിക്കൊരു കൈതാങ്ങിന്റെ ഉദ്ഘാടനം കെപിസിസി സെക്രട്ടറി അഡ്വ.പഴകുളം മധു നിർവഹിക്കുന്നു*

## ഫ്രാൻകോയെ അറസ്റ്റ് ചെയ്യാൻ മടിക്കുന്നത് നീതിന്യായ വ്യാവസ്ഥയോടുള്ള വെല്ലുവിളി : എൻ.എഫ്.പി.ആർ

തിരുവല്ല: കന്യാസ്ത്രീയെ പീഡിപ്പിച്ചുവെന്ന പരാതിയിന്മേൽ ബിഷപ്പ് ഫ്രാങ്കോ മുളക്കലിനെ അറസ്റ്റ് ചെയ്യാൻ മടിക്കുന്നത് നീതി ന്യായ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണെന്ന് നാഷണൽ ഫോറം ഫോർ പീപ്പിൾസ് റൈറ്റ്സ് ദേശീയ പ്രസിഡന്റ് അഡ്വ.പ്രകാശ് പി.തോമസ് പറഞ്ഞു. നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കഴിഞ്ഞ ഒരാഴ്ചയിലധികമായി കന്യാസ്ത്രീകൾ എറണാകുളത്തു നടത്തുന്ന നിരാഹാര സമരത്തിന് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് എൻ.എഫ്.പി.ആർ. സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രക്ഷോപത്തിന്റെ ഭാഗമായി തിരുവല്ല കെ.എസ്.ആർ.ടി.സി.ബസ് സ്റ്റാൻഡിന്റെ മുന്നിൽ നടന്ന ധർണയും പ്രാർത്ഥന യജ്ഞവും ഉദഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനാധിപത്യ വ്യവസ്ഥയിൽ നിയമവും നീതിയും എല്ലാ പൗരന്മാർക്കും തുല്യമായി നൽകേണ്ടുന്ന ഭരണകൂടം അധികാരത്തിന്റെയും സ്ഥാപിത താല്പര്യത്തിന്റെയും പേരിൽ മാറ്റിമറിക്കുന്നത് കടുത്ത മനുഷ്യാവകാശ ലംഘനമാണെന്നും ഇതൊരു ജനാധിപത്യ ഭരണകൂടത്തിന് ഭൂഷണമല്ലെന്ന കാര്യം വിസ്മരിക്കരുതെന്നും പ്രകാശ് പി.തോമസ് പറഞ്ഞു. സംസ്ഥാന സെക്രട്ടറി ബി.കൃഷ്ണകുമാർ അധ്യക്ഷനായിരുന്നു. ജില്ലാ കോർഡിനേറ്റർ അബ്ദുൽ സലാം, താലൂക്ക് ഭാരവാഹികളായ ഷാനവാസ് എ.കെ., ലേഖ കെ., സജിനി എം.ജി., ആശ സുദർശൻ, പ്രമദ തോമസ്, റിജോ വള്ളംകുളം എന്നിവർ പ്രസംഗിച്ചു.